പത്രക്കുറിപ്പ്
12-7-2017

# കുടുംബശ്രീ ഡി.ഡി.യു.ജി.കെ.വൈ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താൻ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം

തിരുവനന്തപുരം: കുടുംബശ്രീ മുഖേന സംസ്ഥാനത്തു നടപ്പാക്കുന്ന ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന(ഡി.ഡി.യു.ജി.കെ.വൈ) പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം നിലവിൽ വന്നു. ആദ്യഘട്ടത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ പരിശീലനകേന്ദ്രങ്ങളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുകയും പുരോഗതി വിലയിരുത്തുകയുമാണ് ഇതിന്റെ ലക്ഷ്യം.

സംസ്ഥാനത്തെ ഗ്രാമീണമേഖലയിലെ നിർദ്ധനരായ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനവും തൊഴിലും ഉറപ്പു വരുത്തുന്നതാണ് പദ്ധതി. ഇതിന്റെ ഭാഗമായി പരിശീലന പരിപാടികളെ സംബന്ധിച്ച ഏകീകൃത പ്രവർത്തന മാനദണ്ഡത്തെ അടിസ്ഥാനമാക്കിയാണ് പുതിയ വെബ് അധിഷ്ഠിത നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നത്.

രണ്ടാം ഘട്ടത്തിൽ പദ്ധതിയിൽ അംഗമായ പരിശീലനാർത്ഥികളുടെ പഠനമേഖല, പരിശീലനകാലാവധി തൊഴിൽലഭ്യത കൂടാതെ ഫണ്ട് വിനിയോഗം എന്നിവ സംബന്ധിച്ച പൂർണ വിവരങ്ങൾ ഇതിൽ ലഭ്യമാകും. പരിശീലനകേന്ദ്രങ്ങളുടെ നിലവാര പരിശോധനയും ഇതുവഴി സാധ്യമാകും. ഇതോടൊപ്പം പദ്ധതിയിൽ ചേർന്നു തൊഴിൽപരിശീലനവും തൊഴിലും നേടാൻ ആഗ്രഹിക്കുന്ന പരിശീലനാർത്ഥികൾക്ക് രജിസ്ട്രേഷൻ നടത്താനുള്ള സൗകര്യവും പുതിയ സംവിധാനത്തിലുണ്ട്. പരിശീലന കേന്ദ്രങ്ങളിൽ ആധാർ നമ്പറുമായി ബന്ധപ്പെടുത്തി ബയോമെട്രിക് ഹാജർ രേഖപ്പെടുത്താനുള്ള സംവിധാനം, പഠനം പൂർത്തിയാക്കിയ കുട്ടികളുടെ നിലവിലെ സ്ഥിതി മുതലായവ കൂടി ഉൾപ്പെടുത്തുന്നതാണ്. ddugky.co.in എന്ന പദ്ധതിയുടെ ഔദ്യോഗിക വെബ്സൈറ്റിലും ഇതിനുള്ള സൗകര്യമുണ്ട്. ഇതോടൊപ്പം കുടുംബശ്രീ വെബ്സൈറ്റിലും ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കും.

രാജ്യത്ത് ഇരുപത്തിയെട്ട് സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന പദ്ധതിയുടെ കേരളത്തിലെ നോഡൽ ഏജൻസി കുടുംബശ്രീയാണ്. പ്രവർത്തനമികവിന് ഇക്കഴിഞ്ഞ ജൂണിൽ ദേശീയ അവാർഡും ലഭിച്ചിരുന്നു.

ഡി.ഡി.യു.ജി.കെ.വൈ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീൽ നിർവഹിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ, അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി എ.സന്തോഷ് കുമാർ, പ്രോഗ്രാം മാനേജർമാരായ ലിയോ പോൾ, ഷിബു, ദാസ് വിൻസെന്റ് സിഡ്കോയുടെ പ്രതിനിധികളായ മനോജ്, നിഷാദ് തുടങ്ങിയവർ പങ്കെടുത്തു.

*ഫോട്ടോ: അടിക്കുറിപ്പ്: ഡി.ഡി.യു.ജി.കെ.വൈ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീൽ നിർവഹിക്കുന്നു*

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ